കാസർഗോഡ് താലൂക്കിൽ കന്നട മീഡിയം ബി.എഡ്. കോളേജ് അനുവദിക്കാൻ നടപടി

80. [845] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിൽ കന്നട മീഡിയം ആയിട്ടുള്ള ഒരു ബി.എഡ്. കോളേജ് ഉടനെ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഭാഷാ ന്യൂനപക്ഷങ്ങൾക്കായി പ്രത്യേക പരിഗണന ഇക്കാര്യത്തിൽ നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കന്നട മീഡിയം ആയിട്ടുള്ള ബി.എഡ്. കോളേജ് അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ബി) കന്നട ഭാഷാ ന്യൂനപക്ഷ സംഘടനകളിൽനിന്നോ/വ്യക്തികളിൽ നിന്നോ കന്നട മീഡിയം ആയിട്ടുള്ള സ്വാശ്രയ ബി.എഡ്. കോളേജ് തുടങ്ങുന്നതിന് എൻ.ഒ.സി.ക്കായി അപേക്ഷ ലഭിക്കുന്ന പക്ഷം, ഇതുസംബന്ധിച്ച് സർക്കാർ നിയോഗിച്ചിട്ടുള്ള സമിതിയുടെ ശുപാർശക്ക് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

സുനാമി ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക

81. [346] ശ്രീ. ടി.എം. ജേക്കബ്ബ് :
" ഷിബു ബേബിജോൺ :
" ആർ. ബാലകൃഷ്ണപിള്ള :
" ജോണി നെല്ലൂർ :
" കെ.ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സുനാമി ദുരിതാശ്വാസത്തിനായി പത്രങ്ങൾ ദൃശ്യമാധ്യമങ്ങൾ എന്നിവ നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഏതെല്ലാം പ്രദേശങ്ങളിൽ എങ്ങിനെയെല്ലാം വിനിയോഗിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സുനാമി ദുരന്തത്തിലും, കാലവർഷക്കെടുതിയിലും വീടുകൾ നഷ്ടപ്പെട്ട എത്രപേർക്ക് എവിടെയെല്ലാം വീടുകൾ വയ്ക്കുന്നതിന് തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly